**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*146** **30.09.2016 ൽ മറുപടിയ്ക്ക്**

**റബ്ബറിന് താങ്ങുവില**

**ചോദ്യം**

ശ്രീ. രാജു എബ്രഹാം
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. ബി.ഡി.ദേവസ്സി

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) റബ്ബറിന് താങ്ങുവില പ്രഖ്യാപിക്കണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു;

ബി) ഇറക്കുമതിയിൽ നിയന്ത്രണം വരുത്തി വിലത്തകർച്ച തടയാൻ കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നും ശ്രമമുണ്ടായിട്ടുണ്ടോ;

(സി) അന്താരാഷ്ട്ര കരാറുകളിൽ തന്നെ വ്യവസ്ഥയുള്ള കർഷക സുരക്ഷ നികുതി ചുമത്തൽ, റബ്ബർ അനുബന്ധ ഉൽപ്പന്നങ്ങളുടെ നികുതി രഹിത ഇറക്കുമതി തടയൽ എന്നീ കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നുവെന്ന് അറിയിക്കുമോ;

(എ), (ബി) & (സി) റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെടുകയും സ്വാഭാവിക ഉണക്ക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ എതാണോ കുറവ് എന്ന നിലയ്ക്ക് 2015- എപ്രിൽ 30 മുതൽ ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ, ചെന്നൈ, മുംബൈ എന്നീ തുറമുഖങ്ങൾ വഴി മാത്രമായി ഇറക്കുമതി നിജപ്പെടുത്തുകയും ചെയ്തു. കേന്ദ്രസർക്കാർ ചർച്ചയിൽ ഏർപ്പെട്ടിരിക്കുന്ന RCEP കരാർ നിലവിൽ വന്നാൽ റബ്ബർ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് ചുങ്കമില്ലാത്ത ഇറക്കുമതി മൂലം വിലത്തകർച്ച ഉണ്ടാകുവാൻ സാദ്ധ്യത മുന്നിൽ കണ്ട്കൊണ്ട് കരാറിൽ റബ്ബർ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

(ഡി) വിലത്തകർച്ച കൊണ്ട് പ്രതിസന്ധി നേരിടുന്ന കർഷകരെ സഹായിക്കാൻ റബ്ബർ ബോർഡിന്റെ ഭാഗത്ത് നിന്ന് എതെങ്കിലും തരത്തിലുള്ള ശ്രമം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) റബ്ബർ കൃഷി ഇപ്പോൾ സംസ്ഥാന കൃഷി വകുപ്പ് നേരിട്ട് കൈകാര്യം ചെയ്യുന്ന വിഷയമല്ല. എന്നിരുന്നാലും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം കൃഷിക്കാർക്ക് നൽകേണ്ട തുക കൃഷി വകുപ്പ് ധനകാര്യ വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, റബ്ബർ ബോർഡ് നൽകുന്ന വിവരം അനുസരിച്ച് കൃഷിക്കാർക്ക് ധനകാര്യ വകുപ്പ് പ്രൊഡക്ഷൻ ഇൻസെന്റീവ് തുക നൽകുകയുമാണിപ്പോൾ ചെയ്യുന്നത്. റബ്ബറിനെ സംബന്ധിച്ച വിഷയം റബ്ബർ ബോർഡാണ് കൈകാര്യം ചെയ്യുന്നത്. റബ്ബർ ബോർഡ് ഉല്പാദനചിലവ് കുറയ്ക്കുന്നതിനും

ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ കൂട്ടുന്നതിനും വരുമാനം കൂട്ടുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പ്രധാനമായും ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. ഇതിനായി റീജിണിയൽ ഓഫീസ് തലത്തിൽ റബ്ബർ പ്രൊഡ്യൂസേസ് സൊസൈറ്റികളുമായും കർഷകരുമായും ബന്ധപ്പെട്ട് വിശദമായ പ്രവർത്തനങ്ങളാണ് രൂപകല്പന ചെയ്ത് നടപ്പാക്കി വരുന്നത്

**സെക്ഷൻ ഓഫീസർ**